# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4675

26-10-2016 ൽ
മറുപടിയ്ക്ക്.

## ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | ശ്രീ.മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ആറ്റിങ്ങൽ നിയമസഭ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ? | (എ) | ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മറ്റത്തിൻക്കാവിന് സമീപം വൈക്കക്കടവിൽ വാമനപുരം ആറിന്റെ വലതുകര സംരക്ഷണം (FD Head) എന്ന 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. കരവാരം പഞ്ചായത്തിൽ നാരാണത്തു ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി (PM Head) 20 ലക്ഷം രൂപയുടെയും പെരിങ്ങവിൽ കുളത്തിന്റെ സൈഡ്‌വാൾ ബലപ്പെടുത്തുന്നതിനായി (FD Head) 13 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെൻഡർ നടപടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ആട്ടക്കുളം തോടിന്റെ സൈഡ്വാൾ പുനരുദ്ധാരണത്തിനും ഓടയുടെ നിർമ്മാണത്തിനുമായി 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം ആറ്റിങ്ങൽ നിയമസഭ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ ഇറിഗേഷൻ വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് വിവിധ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**